# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1016 30.09.2016 ൽ മറുപടിയ്ക്ക്**

## ജൈവപച്ചക്കറി കൃഷി

| ചോദ്യം<br>**ശ്രീ.എം.സ്വരാജ്** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | എ) 2016-17 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക്/ സംഘങ്ങൾക്ക് നൽകുന്നതിനായി 1000ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ 645.49 ലക്ഷം രൂപയ്ക്ക് തുടർ അനുമതി ലഭിച്ചതിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ജി എ പി സർട്ടിഫിക്കേഷനുവേണ്ടി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ ഒരു ബ്ലോക്കിൽ രണ്ട് ക്ലസ്റ്ററുകൾ വീതം 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു. കർഷകരുടെ കൃഷിയിടത്തിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1460 റ്റൂറൽ കമ്പോസ്റ്റ്, 1460 മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നു. നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചുകൊണ്ട് ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി എ പി സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പാക്കിംഗ്, ലേബലിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്നു. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നു.<br>മേൽ ഘടകങ്ങൾ കൂടാതെ 152 ബ്ലോക്കുകളിൽ ക്ലസ്റ്റർ രൂപീകരണവും, പുതിയതായി ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനും, അവാർഡ് തുക ഉയർത്തുന്നതിനും നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടും കൂടി ഇക്കോഷോപ്പ് |

മുഖാന്തിരം വില്പന നടത്തുന്നതിന് പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നതിനും 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്.

ബി) സംസ്ഥാനത്ത് പച്ചക്കറികളുടെ ഉത്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകമാകുന്ന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ബി) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന പച്ചക്കറികളുടെ ഉല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.
3. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. പച്ചക്കറി കൃഷിയ്ക്കായി പരിശീലനം ബോധവൽക്കരണം, പ്രചരണം.
5. ജില്ലാ ക്ലസ്റ്റർ വികസനം.
6. അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ.
7. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടം.
8. എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം.
9. കിഴങ്ങുവർഗ്ഗവിളകളുടെ പ്രോത്സാഹനം.
10. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികൾ.
11. ബ്ലോക്ക്തല നഴ്സറികളുടെ വികസനം.
12. മഴമറകൾ സ്ഥാപിക്കൽ.
13. സങ്കര വിത്തിനങ്ങളുടെ പ്രദർശന തോട്ടം.
14. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.
15. തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയുള്ള വിത്തു വിതരണം.
16. എൻ.ജി.ഒ-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി.
17. കേരളകാർഷിക സർവ്വകലാശാലയുടെ സേഫ്- ടു- ഈറ്റ് പ്രോജക്ട്.

കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷക കൂട്ടായ്മയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹകരണത്തോടെ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി, നല്ല കൃഷി മുറകൾ (ജി.എ.പി) അവലംബിച്ചുള്ള ജൈവ പച്ചക്കറി കൃഷി എന്നിവയും കേരളത്തിൽ നടപ്പിലാക്കി വരുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**